# ഗൃഹചിത്രങ്ങൾ

എം.രാധ
(കോർഡിനേറ്റർ, ഹോംകെയർ, സാന്ത്വന ചികിത്സാകേന്ദ്രം)

ഒരു ഗൃഹസന്ദർശനത്തിന്റെ ഓർമ്മ. നാല്പത്തിയഞ്ചുവയസ്സുള്ള അമ്മയ്ക്കാണ് അസുഖം. തൊണ്ടയിൽ കാൻസർ. മൂന്ന് പെൺകുട്ടികൾ. ഭർത്താവ്. ഉടുതുണിയ്ക്ക് മറുതുണിയില്ലാത്ത അവസ്ഥ. Tracheostomy ട്യൂബിട്ടിരിക്കുന്ന കാരണം കുട്ടികൾക്ക് അമ്മയെ കുളിപ്പിക്കുവാൻ പേടി. എന്തായാലും ട്യൂബ് ഊരി കഴുകി വൃത്തിയാക്കുവാൻ തീരുമാനിച്ചു. ചെയ്ത് കാണിച്ചു കൊടുത്താലല്ലേ അവർക്ക് ധൈര്യം കിട്ടൂ.

പക്ഷേ ട്യൂബ് വൃത്തിയാക്കുവാൻ തീരുമാനിച്ച ഞങ്ങൾ അമ്മയെ വരാന്തയിലിരുത്തി കുളിപ്പിച്ചു. പഴയ വസ്ത്രങ്ങൾ മാറ്റി. ഒരു പഴയ തുണി കൊണ്ട് പുതപ്പിച്ച് കിടത്തി.

കുളി കഴിഞ്ഞതും, അമ്മ വളരെ ആശ്വാസത്തോടെ ഉറങ്ങി.

അന്ന് ഞങ്ങൾക്ക് മനസ്സിലായി, ഗൃഹസന്ദർശനത്തിനുള്ള വണ്ടിയിൽ കുറച്ച് വസ്ത്രങ്ങൾ കൂടി കരുതണം.

(2)

മൂന്നര വയസ്സുള്ള ഒരാൺകുട്ടി. വളരെ അപകടനിലയിലാണ്. ദൂരെ മംഗലം ഡാമിന്നടുത്ത്. OSTEO SARCOMA. ഒന്ന് വന്ന് കാണണം. അച്ഛൻ വിളിച്ചു പറഞ്ഞു. ഞങ്ങൾ അന്നുതന്നെ അവിടെ പോയി.

കുട്ടി തൊട്ടിലിൽ കിടക്കുകയാണ്. അച്ഛൻ പറഞ്ഞു. അവനെപ്പോഴും തൊട്ടിലിലാണ്. അനങ്ങിയാൽ വേദന.

തൊട്ടിലിൽ കിടന്ന് ആ മോൻ ഞങ്ങളെ ഒന്ന് നോക്കുകപോലും ചെയ്തില്ല. അത്രയ്ക്കും അവൻ സഹിക്കുകയായിരുന്നു.

ഞാൻ തൊട്ടിൽ മൃദുവായി ആട്ടി. ആന്റി മോനെ പരിശോധിക്കാൻ വന്നതാണ്. മോന് എവിടെയാണ് വേദന?

അവൻ നിസ്സഹായനായി എന്നെ നോക്കി. അപ്പോനോട് പറഞ്ഞു, എടുക്കുവാൻ.

അപ്പൻ മകനെ തോളിലിട്ടു. അവൻ കരഞ്ഞില്ല.

മോർഫിൻ 5 മി.ഗ്രാം കിട്ടിക്കൊണ്ടിരിക്കുന്ന കുട്ടി. അത്രമേൽ വേദന അവൻ അനുഭവിക്കുന്നുണ്ട്. യാതൊരു ഭാവഭേദവുമില്ലാതെ അവൻ ഞങ്ങളെ നോക്കി കിടന്നു. മോന്റെ വയറ്, നെഞ്ച്, കഴുത്ത് തുടങ്ങി എല്ലായിടവും ഞാൻ മെല്ലെ തലോടി. അങ്ങനെ കുറച്ചു നേരം മോന്റെ അടുക്കൽ ഇരുന്നു.

പിന്നീട് വരാം, എന്ന് ഞാൻ പറഞ്ഞതും അവൻ പറഞ്ഞു, ആന്റി എന്റെ പനി നോക്കിയിട്ടില്ല.

ഞാനുടനെ തെർമോമീറ്റർ വെച്ച് അവന്റെ പണി അളന്നു.

മോൻ സന്തോഷവനായി. അവന്റെ വേദന താൽക്കാലത്തേയ്ക്കെങ്കിലും മാറിയിരുന്നു. അപ്പന്റെ ഒക്കത്തിരുന്ന് പടിവരെ വന്ന് അവൻ ഞങ്ങളെ യാത്രയാക്കി.

പിറ്റെ ദിവസം രാവിലെ വിവരം അറിയുവാൻ ഞാൻ ഫോണിൽ വിളിച്ചു.

അവന് ഫോണിൽ സംസാരിക്കണം.

അവനും അപ്പനും കൂടെ പോയി കൊഞ്ച് വാങ്ങിച്ചു. കറിവച്ചു കഴിച്ചു, മോൻ പറഞ്ഞു.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. ഞാൻ എന്നും രണ്ടു നേരവും ഫോൺ ചെയ്യും. അവനെ കാണാതിരിക്കുവാൻ വയ്യ.

ഒരു ദിവസം ചാലക്കുടിയിലെ ഗൃഹസന്ദർശനം കഴിഞ്ഞ നേരം മംഗലം ഡാമിലേയ്ക്ക് പോയി.

അവൻ ആസ്പത്രിയിലായിരുന്നു. തീരെ വയ്യാതായി. ഒരേ കിടപ്പ്.

മോന് ഞങ്ങൾ രണ്ട് മിൽക് ചോക്ലേറ്റുകൾ കൊണ്ടുപോയിരുന്നു.

എനിക്ക് ചോക്ലേറ്റ് ഇഷ്ടമല്ല, അവൻ പിണങ്ങി.

മോൻ വാങ്ങിയില്ലെങ്കിൽ ആന്റിക്ക് സങ്കടം വരും, ഞാൻ പറഞ്ഞു. അവൻ അത് സന്തോഷത്തോടെ വാങ്ങി.

രണ്ടു ദിവസം കഴിഞ്ഞ്, അവൻ മരിച്ചു.

(3)

എഴുപത്തിനാലുവയസ്സുള്ള വല്യമ്മ. മാറിൽ അർബുദം. ഇൻഫക്ഷൻ ഉണ്ടായി വല്ലാത്ത ഘട്ടത്തിൽ. ക്ലീനിക്കിൽനിന്ന് മുറിവിൽ വെച്ചുകെട്ടാനുള്ള പഞ്ഞിയും ഇടുവാനുള്ള ഓയൻമെന്റും കൊടുക്കാറുണ്ട്. എന്നാൽ വല്യമ്മയെ വീട്ടിലുള്ളവർ കുളിപ്പിക്കാറില്ല. അറിയാത്തതുകൊണ്ടാണ്. മുറിവ് നനയ്ക്കരുതെന്ന് അവർ കരുതി. ഗൃഹപരിചരണത്തിനു ചെന്ന ഞങ്ങളെ കണ്ടപ്പോൾ, വല്യമ്മ സങ്കടത്തിലാണ്. വല്യമ്മയെ ഒന്നു കുളിപ്പിച്ചാലോ? വല്യമ്മയ്ക്കു സന്തോഷമായി.

ഓല മറച്ചു ഒരു സ്ഥലത്ത് വല്യമ്മയെ സ്റ്റൂളിലിരുത്തി. ഉപ്പുവെള്ളത്താൽ മുറിവ് നനച്ചു. ഡ്രസ്സിങ്ങ് അവിടെനിന്ന് മാറ്റി. അവർ മുറിവ് നനയ്ക്കാതെ ഡ്രസ്സിങ്ങ് മാറ്റിയെടുക്കുകയാണ് പതിവ്. അപ്പോൾ തീർച്ചയായും വേദനിക്കും. ഇന്നും നല്ല പോലെ വേദനിക്കും, ഭയത്തിലായിരുന്നു വല്യമ്മ. ഓരോ തമാശകൾ പറഞ്ഞ് ഞങ്ങൾ വല്യമ്മയെ കുളിപ്പിച്ചു. പഴുത്തിരുന്ന ഭാഗം ഉപ്പുവെള്ളംകൊണ്ടു കഴുകി. വല്യമ്മയെ തലയും കുളിപ്പിക്കാം, ഞങ്ങൾ ചോദിച്ചു.

വല്യമ്മ പറഞ്ഞു, മക്കളേ തലയിൽ എണ്ണതേയ്ക്കാത്ത കാരണം മുടിയെല്ലാം പോയി, ഭംഗിയും പോയി.

ഞങ്ങൾ പറഞ്ഞു വല്യമ്മേ, ഇപ്പോൾ മുടി ഇല്ലാത്തതാണ് ഭംഗി. അതുകൊണ്ടല്ലേ പെൺകിടാങ്ങൾ മുടിവെട്ടി സുന്ദരികളാവുന്നത്.

വല്യമ്മയ്ക്കു സന്തോഷമായി. പല്ലില്ലാത്ത മോണ കാട്ടി വല്യമ്മ പൊട്ടിച്ചിരിച്ചു.

മരുന്ന് വെച്ച് ഡ്രസ്സിങ്ങ് ചെയ്ത് ഞങ്ങൾ യാത്രയായി.

ഞങ്ങൾ പറഞ്ഞു, വല്ല്യമ്മ ഇപ്പോൾ ഒരു കൊച്ചുസുന്ദരിയായിരിക്കുന്നു.

എല്ലാവരും ചിരിച്ചു, വല്ല്യമ്മയുടെ അടുത്ത പൊട്ടിച്ചിരിയിൽ.

• • • • • • • • • • •